**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 105** **01-02-2024 - ൽ മറുപടിയ്ക്ക്**

**ഉച്ചഭക്ഷണ വിതരണം കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീമതി ഒ എസ് അംബിക** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ വിതരണത്തിന് പ്രധാനമന്ത്രി പോഷണ പദ്ധതി എന്ന പേര് നിശ്ചയിക്കണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിരുന്നോ; | (എ) | കേന്ദ്രസർക്കാരാണ് പദ്ധതി പുനഃനാമകരണം ചെയ്തത്. ഇത് സംബന്ധിച്ച അറിയിപ്പ് 6.10.2021 ലെ എഫ്.നം.1-3/2021-ഡെസ്ക് (എം.ഡി.എം) എന്ന കത്ത് മുഖാന്തിരം ലഭിച്ചിരുന്നു. |
| (ബി) | ഉച്ചഭക്ഷണ വിതരണത്തിന് കേന്ദ്രസർക്കാർ നൽകുന്ന വിഹിതം എത്രയാണ്; | (ബി) | ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കേന്ദ്രസർക്കാർ തന്നെ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് നിശ്ചയിക്കപ്പെടുന്ന അടങ്കൽ തുകയുടെ 60 ശതമാനമാണ് കേന്ദ്രവിഹിതമായി സംസ്ഥാനത്തിന് ലഭിക്കുന്നത്. നടപ്പ് വർഷം റിക്കറിംഗ് വിഭാഗത്തിൽ 284.3067 കോടി രൂപയാണ് സംസ്ഥാനത്തിനുള്ള കേന്ദ്രവിഹിതമായി നിശ്ചയിച്ചിട്ടുള്ളത്. |
| (സി) | കഴിഞ്ഞ 5 വർഷമായി ലഭ്യമായ കേന്ദ്രവിഹിതം എത്രയാണെന്ന് വെളിപ്പെടുത്തുമോ; | (സി) | കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ( 2018-19 മുതൽ 2022-23 വരെയുള്ള കാലഘട്ടത്തിൽ) 1285.34 കോടി രൂപ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് കേന്ദ്രവിഹിതമായി ലഭിച്ചു. |
| (ഡി) | പ്രസ്തുത പദ്ധതിയ്ക്കായി 2021-22-ൽ കേന്ദ്രം തടഞ്ഞുവച്ച തുക പിന്നീട് അനുവദിക്കുകയുണ്ടായോ; | (ഡി) | അനുവദിക്കുകയുണ്ടായി. പദ്ധതിയ്ക്കുള്ള രണ്ടാം ഗഡു കേന്ദ്രവിഹിതമാണ് 2021-22 വർഷം ലഭിക്കാതിരുന്നത്. ടി വിഹിതം 2022-23 അവസാനം സംസ്ഥാനത്തിന് ലഭിച്ചു. |
| (ഇ) | ഉച്ചഭക്ഷണ വിതരണം കാര്യക്ഷമമാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ഇ) | ഉച്ചഭക്ഷണ വിതരണം കാര്യക്ഷമമാക്കുന്നതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>(1)പദ്ധതി നടത്തിപ്പിനായി സ്കൂളുകളിൽ സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്. അദ്ധ്യാപക - രക്ഷാകർതൃ സമൂഹത്തിന്റെയും പൊതു സമൂഹത്തിന്റെയും പങ്കാളിത്തത്തോടെയും സഹകരണത്തോടെയും സ്കൂൾതലത്തിൽ പദ്ധതി കാര്യക്ഷമമായി നടപ്പാക്കാനുള്ള ചുമതല ഉച്ചഭക്ഷണ |

കമ്മറ്റികളിലാണ് നിക്ഷിപ്തമാക്കിയിട്ടുള്ളത്. ഉച്ചഭക്ഷണ മെനു നിശ്ചയിക്കുക, പാചകത്തൊഴിലാളികളെ നിയമിക്കുക, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിക്കേണ്ട പദ്ധതിയുടെ പ്രതിമാസ വരവ് ചെലവ് കണക്കുകൾ പരിശോധിച്ച് അംഗീകരിക്കുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റും സഹായത്തോടെ പദ്ധതി നടത്തിപ്പിനാവശ്യമായ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക മുതലായവ സ്കൂൾ  ഉച്ചഭക്ഷണ കമ്മറ്റിയുടെ ചുമതലകളാണ്.

(2) പദ്ധതി നടത്തിപ്പിനായി സ്കൂളുകൾക്ക് മെറ്റീരിയൽ കോസ്റ്റ് എന്ന പേരിൽ തുക അനുവദിക്കുന്നു. കുട്ടി ഒന്നിന് പ്രതിദിനം 6 രൂപ, 7 രൂപ, 8 രൂപ എന്നീ നിരക്കുകളിലാണ് മെറ്റീരിയൽ കോസ്റ്റ് അനുവദിക്കുന്നത്.

(3) പദ്ധതി നടത്തിപ്പിനാവശ്യമായ ഭക്ഷ്യധാന്യം (അരി) കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമാക്കി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകൾ മുഖാന്തിരം സ്കൂളുകൾക്ക് ലഭ്യമാക്കുന്നു.

(4) പോഷക സമൃദ്ധമായ ഉച്ചഭക്ഷണം കുട്ടികൾക്ക് ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഭക്ഷണ, ന്യൂട്രീഷൻ നോംസ് സംബന്ധിച്ച കൃത്യമായ അറിയിപ്പ് എല്ലാ സ്കൂളുകൾക്കും നൽകിയിട്ടുണ്ട്.

(5)ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനായി പദ്ധതിയുടെ പരിധിയിൽ വരുന്ന എല്ലാ സ്കൂളുകളിലും പാചകത്തൊഴിലാളികളെ നിയമിച്ചിട്ടുണ്ട്.  ടി തൊഴിലാളികൾക്ക് പ്രതിദിനം 600/- രൂപ മുതൽ 675/- രൂപ വരെ ഓണറേറിയമായി നൽകുന്നു.

(6) സ്റ്റേറ്റ് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സഹായത്തോടെ പാചകത്തൊഴിലാളികൾക്ക് പരിശീലനം നൽകി വരുന്നു.

(7) ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനാവശ്യമായ പച്ചക്കറി, പലവ്യഞ്ജനം, മറ്റ് ഭക്ഷ്യ വസ്തുക്കൾ എന്നിവ സർക്കാർ ഏജൻസികളിൽ നിന്ന് വാങ്ങുന്നതിന് മുൻഗണന നൽകണമെന്ന് സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(8)വിഷരഹിത പച്ചക്കറികൾ ഉപയോഗിച്ചുള്ള കറികൾ സ്കൂൾ ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ സ്കൂളുകളിൽ അടുക്കളപച്ചക്കറിത്തോട്ടം സജ്ജീകരിക്കുകയും അതിൽ നിന്നുള്ള പച്ചക്കറികൾ ഉച്ചഭക്ഷണത്തിന്

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തുകയും ചെയ്തുവരുന്നു. പദ്ധതിയുടെ പരിധിയിൽ വരുന്ന 12026 സ്കൂളുകളിൽ 9666 (80%) സ്കൂളുകളിൽ അടുക്കളപച്ചക്കറിത്തോട്ടം സജ്ജീകരിച്ചിട്ടുണ്ട്.<br><br>(9)കുട്ടികൾക്ക് നൽകുന്നതിന് മുൻപായി അദ്ധ്യാപകരും എസ്.എം.സി അംഗങ്ങളും ഭക്ഷണത്തിന്റെ ഗുണമേന്മ പരിശോധിച്ച് ഉറപ്പുവരുത്തുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>(10)ഉച്ചഭക്ഷണത്തിന്റെയും കുടിവെള്ളത്തിന്റെയും സാമ്പിളുകൾ റാൻഡം രീതിയിൽ ശേഖരിച്ച് ലാബ് പരിശോധനയ്ക്ക് വിധേയമാക്കുന്നു.<br><br>(11) ഉച്ചഭക്ഷണ വിതരണ സംവിധാനം വിശ്വാസ്യവും സുതാര്യവുമാക്കുന്നതിനും പദ്ധതി നടത്തിപ്പിൽ ഫലപ്രദമായ സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ഫണ്ടുകളുടെ ദുരുപയോഗം തടഞ്ഞുകൊണ്ട് അഴിമതിരഹിതമായ നിർവ്വഹണം ഉറപ്പാക്കുന്നതിനും മികച്ച രീതിയിൽ വിവരങ്ങൾ കൈമാറപ്പെട്ടതും ശാക്തീകരിക്കപ്പെട്ടതുമായ ഒരു പൗര/ഗുണഭോക്തൃ സമൂഹത്തെ കെട്ടിപ്പടുക്കുന്നതിനുമായി 2022-23 വർഷം മുതൽ പദ്ധതി സാമൂഹിക ഓഡിറ്റിന് വിധേയമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ